ഉദ്യോഗ നിയമനങ്ങളിൽ ഹരിജനങ്ങൾക്കു് ഉപസംവരണം

1131 [1804] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗനിയമനത്തിൽ ഹരിജനങ്ങൾക്കു് ഉപസംവരണം ഏർപ്പെടുത്തണമെന്നുള്ള ആവശ്യം ഏതെല്ലാം സംഘടനകളിൽ നിന്നുണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഉപസംവരണം ഏർപ്പെടുത്തി ഹരിജനങ്ങളുടെ സാമുദായിക പ്രാതിനിദ്ധ്യക്കുറവു് പരിഹരിക്കുന്നതിനു് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച നിവേദനങ്ങളൊന്നും കിട്ടിയിട്ടില്ല.

(ബി) ഇതിന്റെ ആവശ്യമുണ്ടെന്നു് ഗവൺമെന്റു് കരുതുന്നില്ല.

അദ്ധ്യാപകരുടെ കാഷ്വൽ അവധി

1131 [1806] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകരുടെ കാഷ്വൽ അവധി ഇരുപതു ദിവസങ്ങളായി വർദ്ധിപ്പിക്കുന്നതിനു് നടപടി കൈക്കൊള്ളുമോ;

(ബി) സംസ്ഥാനത്തെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും കാഷ്വൽ അവധി ഏകീകരിക്കുന്നതിനു് എന്താണു് താമസം?

ഉത്തരം

(എ) ഇല്ല.

(ബി) 25-5-1978-ൽ പുറപ്പെടുവിച്ച ഗവൺമെന്റു് ഉത്തരവു് ആഫീർ. ടി. നമ്പർ: 1543/78 ജി. എഡ്യു. ൽ കാരണം വ്യക്തമാക്കിയിട്ടുണ്ടു്. പ്രസ്തുത ഉത്തരവിന്റെ പകർപ്പു് എല്ലാ അംഗീകൃത അദ്ധ്യാപക സംഘടനകൾക്കും കൊടുത്തിട്ടുള്ളതാണു്.

കമ്മ്യൂട്ടഡ് ലീവു്

1132 [1807] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർട്ടിഫിക്കറില്ലാതെ കമ്മ്യൂട്ടഡ് ലീവു് എടുക്കുന്നതിനു് അദ്ധ്യാപകർക്കു് സൗകര്യം ഉണ്ടാക്കുന്നതിനു് നടപടി കൈക്കൊള്ളുമോ;

(ബി) അദ്ധ്യാപകർക്കു് കാഷ്വൽ ലീവല്ലാതെ മാറ്റവകാശാവധികം ഒന്നുമില്ലെന്ന നില പരിഗണിച്ചു് മെഡിക്കൽ സർട്ടിഫിക്കറു് വേണമെന്ന വ്യവസ്ഥ ഇല്ലാതാക്കുന്നതിനു് എന്താണു തടസ്സം?

ഉത്തരം

(എ) ഇല്ല.

(ബി) അദ്ധ്യാപകർക്കു മാത്രമായി ഈ വ്യവസ്ഥ ഇല്ലാതാക്കുന്നതു് ആശാസ്യമാണെന്നു് ഗവൺമെന്റു് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly